(എ) അപകടാവസ്ഥയിലായ മുനമ്പം സർക്കാർ ആശുപത്രി കെട്ടിടത്തിന്റെ പ്രവർത്തനം സാധാരണ രീതിയിലാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള കെട്ടിടത്തിന്റെ കാലപ്പഴക്കം എത്രയെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മുനമ്പം സർക്കാർ ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് എഴുപത്തിയഞ്ച് വർഷത്തിനുമേൽ പഴക്കം ഉള്ളതാണ്. എന്നാൽ ഒ.പി., പുരുഷവാർഡ്, ശിശുവാർഡ് എന്നിവയ്ക്ക് അഞ്ചു മുതൽ ഇരുപതു വർഷത്തെ പഴക്കം മാത്രമാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിടത്തിന്റെ തറകൾ ടൈൽ പാകി, പുതിയ സെപ്റ്റിക്ക് ടാങ്ക്, പുതിയ വാട്ടർ ടാങ്ക്, സ്റ്റെയർകെയ്സ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

കാരുണ്യ ഫാർമസികളിൽ ഫാർമസിസ്റ്റ്

5(4288) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികളിൽ ഫാർമസിസ്റ്റ് ആയി എത്രപേർ സംസ്ഥാനത്തൊട്ടുക്കായി ജോലി നോക്കിവരുന്നു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇതിൽ എത്രപേർക്കാണ് സ്ഥിരനിയമനം ലഭ്യമായിട്ടുള്ളത് ;

(സി) ഇപ്പോൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ ഫാർമസിയിൽ സേവനം അനുഷ്ഠിക്കുന്ന ഫാർമസിസ്റ്റുകളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ; ഇത് സംബന്ധിച്ച ഏതെങ്കിലും ഫയൽ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുകൂല നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികളിൽ 266 പേർ ഫാർമസിസ്റ്റ് ആയി ജോലി നോക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലെ ഫാർമസിസ്റ്റുകളുടെ നിയമനങ്ങളെല്ലാംതന്നെ കരാറടിസ്ഥാനത്തിലുള്ളവയാണ്.

(സി) കാരുണ്യ ഫാർമസിയിൽ സേവനം അനുഷ്ഠിക്കുന്ന ഫാർമസിസ്റ്റുകളെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പാലക്കാട് ജില്ലയിൽ കാൻസർ സെന്റർ

6(4289) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന പാലക്കാട് ജില്ലയിൽ കാൻസർ രോഗ ചികിത്സയ്ക്കായി നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; വിശദാംശം നൽകുമോ;

(ബി) ജില്ലയിലെ മെഡിക്കൽ കോളേജിനോട് ചേർന്ന് ആർ.സി.സി.-ക്ക് സമാനമായ ചികിത്സാ സൗകര്യം ഒരുക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻകൂർ കാൻസർ രോഗ നിർണ്ണയത്തിനും തുടർ ചികിത്സയ്ക്കുമായി ആർ.സി.സി.യുടെ ഉപകേന്ദ്രമായ ഒരു ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ പാലക്കാട് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാ കാൻസർ കെയർ പദ്ധതി പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലവിലുണ്ട്. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും കീമോതെറാപ്പി സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വടക്കൻ ജില്ലകളിലെ കാൻസർ രോഗബാധിതർക്ക് തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലും കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും ചികിത്സാ സൗകര്യം ലഭ്യമാണ്.

(ബി) പാലക്കാട് മെഡിക്കൽ കോളേജ് പട്ടികജാതിക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലാണ്.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം

7(4290) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly